BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 52/2018-2020 തീയതി: 09-08-2019

# ബി.എസ്.എൻ.എൽ.സംരക്ഷണജാഥ മാറ്റിവച്ചു

സഖാവെ,

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ സംസ്ഥാന പ്രവർത്തക സമിതി തീരുമാനപ്രകാരം 2019 ആഗസ്റ്റ് 19 മുതൽ 29 വരെ ബി.എസ്.എൻ.എൽ. സംരക്ഷിക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തി കാസർകോഡ് നിന്നും തിരുവനന്തപുരം വരെ നടത്താനിരുന്ന ബി.എസ്.എൻ.എൽ. സംരക്ഷണ ജാഥ പ്രതികൂല കാലാവസ്ഥ കാരണം താൽക്കാലികമായി മാറ്റിവച്ചതായി അറിയിക്കുന്നു. ജാഥയുടെ പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

**ഡപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ് മാർച്ച്:**

കൂലിനിഷേധത്തിനും പിരിച്ചുവിടലിനും എതിരെ ഡപ്യൂട്ടി ലേബർ കമ്മീഷണറുടെ ഇടപെടൽ ആവശ്യപ്പെട്ട് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയനും, ബി.എസ്.എൻ.എൽ. കാഷ്വൽ കോൺട്രാക് വർക്കേഴ്സ് ഫെഡറേഷനും സംയുക്തമായി 2019 ആഗസ്റ്റ് 13 ന് എറണാകുളത്ത് ഡപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസിലേക്ക് നടത്താനിരുന്ന മാർച്ചും മാറ്റിവച്ചു.

**റഫറണ്ടം:**

8-ാമത് റഫറണ്ടത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിക്കുന്നു. റഫറണ്ടവുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്നും സമാഹരിക്കാൻ സർക്കിൾ പ്രവർത്തകസമിതി തീരുമാനിച്ച തുക എത്രയും പെട്ടെന്ന് ശേഖരിച്ച് ബന്ധപ്പെട്ട കമ്മിറ്റികൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. റഫറണ്ടവുമായി ബന്ധപ്പെട്ട് സർക്കിൾ യൂണിയൻ തീരുമാനിച്ച ബൂത്ത് കൺവെൻഷൻ, വനിതാ കൺവെൻഷൻ, സ്ക്വാഡ് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പരിപാടികൾ ഫലപ്രദമായി നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ്കുമാർ,**
സർക്കിൾ സെക്രട്ടറി.